REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 03-06-2024** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- ലോക്സഭാ തിരഞ്ഞെടുപ്പിന്റെ വിധി നാളെ. രാവിലെ 8 ന് വോട്ടെണ്ണൽ ആരംഭിക്കും. ഒരു മണിക്കൂറിനകം ആദ്യ ഫല സൂചനകൾ ലഭ്യമാകും.
- 21-ാം നൂറ്റാണ്ടിൽ ലോകം ഏറെ പ്രതീക്ഷകളോടെയാണ് ഭാരതത്തെ ഉറ്റുനോക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- മാനവികതയോട് കൂറുപുലർത്തുന്ന ശാസ്ത്ര ചിന്ത കുട്ടികളിൽ വളർത്തിയെടുക്കാൻ അധ്യാപകർക്ക് കഴിയണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- കണ്ണൂർ ജില്ലയിൽ പച്ചതുരുത്ത് വ്യാപന പരിപാടിക്ക് മറ്റന്നാൾ തുടക്കമാവും.
- സംസ്ഥാനത്ത് വെള്ളിയാഴ്ച വരെ കനത്ത മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.
- ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഒമാനെതിരെ നമീബിയക്ക് ജയം.

## വാർത്തകൾ വിശദമായി

പതിനെട്ടാം ലോക്സഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നാളെ. ആന്ധ്രാപ്രദേശിലെയും ഒഡീഷയിലെയും നിയമസഭാ തെരഞ്ഞെടുപ്പുകളുടെയും നിയമസഭാ ഉപതെരഞ്ഞെടുപ്പുകളുടെയും വോട്ടെണ്ണലും ഇതോടൊപ്പം നടക്കും. രാവിലെ 8 ന് വോട്ടെണ്ണൽ ആരംഭിക്കും. ആദ്യം പോസ്റ്റൽ ബാലറ്റും, പിന്നീട് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനിലെ വോട്ടുകളും എണ്ണും. അരമണിക്കൂറിനകം ആദ്യ

ഫല സൂചനകൾ ലഭ്യമാകും. ഉച്ചയോടെ മിക്ക മണ്ഡലങ്ങളിലെയും ഫലം ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത് .

വോട്ടെണ്ണൽ ട്രെൻഡുകളും ഫലങ്ങളും തിരഞ്ഞെടുപ്പ് കമ്മീഷൻ വെബ്സൈറ്റിലും വോട്ടർ ഹെൽപ്പ് ലൈൻ ആപ്പിലും ലഭ്യമാകുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

✪✪✪

കോഴിക്കോട്, വടകര മണ്ഡലങ്ങളിലെ വോട്ടെണ്ണൽ നടക്കുന്ന വെള്ളിമാടുകുന്ന് ജെഡിടിയിൽ എല്ലാ ക്രമീകരണങ്ങളും പൂർത്തിയായതായി ജില്ലാ കലക്ടർ സ്നേഹിൽകുമാർ സിംഗ് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. വോട്ടെണ്ണൽ കേന്ദ്രത്തിന്റെ സുരക്ഷ പരിഗണിച്ച് അതിന്റെ പരിസരങ്ങളിൽ നിരോധനാജ്ഞ പ്രഖ്യാപിക്കും. നിയമസഭാ മണ്ഡലം തലത്തിൽ 14 ടേബിളുകളിലായി എട്ടര മണിയോടെ എണ്ണിത്തുടങ്ങുന്ന ഇവിഎം വോട്ടെണ്ണൽ നടപടി രണ്ടുമണിയോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നതായും ജില്ലാ കലക്ടർ അറിയിച്ചു. അനിഷ്ട സംഭവങ്ങളൊന്നും ഉണ്ടാവുന്നില്ലെന്ന് ഉറപ്പുവരുത്താൻ ശക്തമായ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും നാദാപുരം കുറ്റിയാടി, വടകര മണ്ഡലങ്ങളിൽ സുരക്ഷ മുൻകരുതലുകൾ വർധിപ്പിക്കുമെന്നും ജില്ലാ കലക്ടർ അറിയിച്ചു.

✪✪✪

തങ്കശ്ശേരി സെന്റ് അലോഷ്യസ് ഹൈസ്കൂളാണ് കൊല്ലം ലോക്സഭാ മണ്ഡലത്തിലെ വോട്ടെണ്ണൽ കേന്ദ്രം. വോട്ടെണ്ണലിനു ഒരുക്കങ്ങളും, സുരക്ഷാക്രമീകരണങ്ങളും വോട്ടെണ്ണൽ കേന്ദ്രത്തിൽ പൂർത്തിയായി.

✪✪✪

21-ാം നൂറ്റാണ്ടിൽ ലോകം ഏറെ പ്രതീക്ഷകളോടെയാണ് ഭാരതത്തെ ഉറ്റുനോക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഭാരതത്തിന്റെ ഭരണ മാതൃക ലോകമെമ്പാടും രാജ്യങ്ങൾക്ക് മാതൃകയായി മാറിയെന്നും അദ്ദേഹം പറഞ്ഞു. ജനോപകാരപ്രദമായ സദ്ഭരണം, അഭിലാഷ ജില്ല, അഭിലാഷ ബ്ലോക്ക് തുടങ്ങിയ നൂതന സമ്പ്രദായങ്ങൾ ആഗോളതലത്തിൽ ചർച്ച ചെയ്യപ്പെടുകയാണെന്നും നരേന്ദ്രമോദി രാജ്യത്തെ ജനങ്ങൾക്കായി എഴുതിയ കത്തിൽ പറഞ്ഞു.

✪✪✪

മാനവികതയോട് കൂറുപുലർത്തുന്ന ശാസ്ത്ര ചിന്ത കുട്ടികളിൽ വളർത്തിയെടുക്കാൻ അധ്യാപകർക്ക് കഴിയണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. അറിവ് ആർജിക്കുന്നതോടൊപ്പം സാമൂഹിക ഇടപെടലുകൾ നടത്താൻ കുട്ടികളെ പ്രാപ്തരാക്കേണ്ടത് ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. കൊച്ചി എളമക്കര ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ സ്കൂൾ പ്രവേശനോത്സവത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.........(വോയ്സ്)..........

ശാസ്ത്ര വിഷയങ്ങളിൽ സംസ്ഥാനത്തെ വിദ്യാഭ്യാസരംഗം മികവുറ്റതായിട്ടും ലോകോത്തരം എന്ന ചൂണ്ടിക്കാട്ടാവുന്ന പ്രതിഭകളെ വാർത്തെടുക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് സ്വയം വിമർശന പരമായി പരിശോധിക്കണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു. ഗണിതശാസ്ത്ര മേഖലയിൽ സംസ്ഥാനം ഇനിയും മുന്നേറേണ്ടതുണ്ടെന്നും അത് മികവുറ്റതാക്കുന്നതിന് ഇടപെടലുകൾ എല്ലാ തലങ്ങളിൽ നിന്നും ഉണ്ടാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. പാഠപുസ്തകങ്ങളിലെ അറിവുകൾ മാത്രമല്ല സമൂഹം,ലോകം പ്രകൃതി തുടങ്ങിയവ സംബന്ധിച്ച അറിവുകൾ കുട്ടികൾക്ക് പകർന്നു നൽകാൻ അധ്യാപകർക്ക് കഴിയണം. പുതിയ കാലത്തെയും ലോകത്തെയും നേരിടാൻ കുട്ടികളെ പ്രാപ്തരാക്കാൻ ഉതകും വിധമാണ് പൊതുവിദ്യാഭ്യാസ മേഖലയെ നാട് ശക്തിപ്പെടുത്തിയിരിക്കുന്നത് എന്ന് അദ്ദേഹം പറഞ്ഞു. ഒന്നരലക്ഷത്തോളം ലാപ്ടോപ്പുകളും, 70,000 പ്രൊജക്ടറുകളും, രണ്ടായിരത്തോളം റോബോട്ടിക് കിറ്റുകളും സ്കൂളുകൾക്ക് ഇതിനകം ലഭ്യമാക്കിയിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു.

ചടങ്ങിൽ മന്ത്രിമാരായ വി ശിവൻകുട്ടി, പി രാജീവ് എന്നിവരും ജനപ്രതിനിധികളും സംബന്ധിച്ചു.

✪✪✪

രാജ്യത്താദ്യമായി വിദ്യാർത്ഥികളിൽ നിന്ന് അഭിപ്രായം തേടി നടത്തിയ പാഠപുസ്തക പരിഷ്ക്കരണത്തിന് നേതൃത്വം നൽകിയവരെ അഭിനന്ദിക്കുന്നതായി മന്ത്രി V. ശിവൻകുട്ടി ചടങ്ങിൽ പറഞ്ഞു.

ബജറ്റിൽ പ്രഖ്യാപിച്ച മോഡൽ സ്കൂൾ ഉൾപ്പെടെ വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾക്ക് ഈ വർഷം തുടക്കം കുറിയ്ക്കും.

സ്കൂളുകളിലെ ശുചിത്വ- ഹരിത പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കും. രണ്ട്, നാല്, ആറ്, എട്ട്, പത്ത് ക്ലാസുകളിലെ പാഠപുസ്തക പരിഷ്കരണ നടപടി വൈകാതെ ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു. ഹയർസെക്കണ്ടറിതല പാഠപുസ്തകങ്ങളുടെ പരിഷ്ക്കരണവും വിദ്യാഭ്യാസ വകുപ്പിന്റെ ആലോചനയിലുണ്ടെന്നും ശിവൻകുട്ടി അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ആർട്ടിഫിഷ്യൽ ഇന്റലിജിൻസ് അടക്കം പാഠ്യപദ്ധതിയുടെ ഭാഗമായെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. കോഴിക്കോട് ജില്ലാ സ്കൂൾ പ്രവേശനോത്സവം ചെറുവണ്ണൂർ ഗവൺമെൻറ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

ആർട്ടിഫിഷ്യൽ ഇന്റലിജിൻസ് സിലബസിൽ ഉൾപ്പെടുത്തുന്ന ആദ്യ സംസ്ഥാനം കേരളമാണെന്നും മന്ത്രി പറഞ്ഞു.

✪✪✪

കണ്ണൂർ ജില്ലാതല പ്രവേശനോത്സവം ചിറ്റാരിപ്പറമ്പ് ഗവ.ഹയർ സെക്കന്ററി സ്കൂളിൽ K.K ശൈലജ MLA ഉദ്ഘാടനം ചെയ്തു ലോകത്ത് വലിയ തോതിൽ . അറിവിന്റെ വ്യാപനം നടക്കുകയാണെന്ന് അവർ പറഞ്ഞു.

✪✪✪

തിരുവനന്തപുരം ജില്ലാതല സ്കൂൾ പ്രവേശനോത്സവം മീനാങ്കൽ ഗവണ്മെന്റ് ട്രൈബൽ സ്കൂളിൽ മന്ത്രി ജി ആർ അനിൽ ഉദ്ഘാടനം ചെയ്തു.

✪✪✪

കവരത്തി കേന്ദ്രീയ വിദ്യാലയത്തിൽ പ്രവേശനോത്സവ പരിപാടികൾ സംഘടിപ്പിച്ചു. കുട്ടികൾക്ക് സമ്മാന കിറ്റുകൾ വിതരണം ചെയ്തു.

✪✪✪

മധ്യവേനലവധി കഴിഞ്ഞ് സംസ്ഥാനത്തെ സർവകലാശാല പഠനവകുപ്പുകളും കോളേജുകളും തുറന്നു. പുതിയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി നാലുവർഷ ബിരുദ കോഴ്സുകൾക്ക് ഈ അധ്യയനവർഷം തുടക്കം കുറിക്കുകയാണ്.

ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി ഒന്നാംവർഷ പ്രവേശന നടപടികളും പുരോഗമിക്കുകയാണ്. ക്ലാസുകൾ ഈ മാസം 24-ന് ആരംഭിക്കും.

✪✪✪

ഓൺലൈൻ പണമിടപാടിൽ പുതിയ നേട്ടം കൈവരിച്ച് UPI. ഇന്ത്യയുടെ തദ്ദേശീയ ഓൺലൈൻ പണമിടപാട് സംവിധാനമായ UPI ഉപയോഗിച്ച് കഴിഞ്ഞ മാസം 14.04 ബില്യൺ ഇടപാടുകൾ നടന്നതായി ദേശീയ പെയ്മെന്റ് കോർപ്പറേഷൻ അറിയിച്ചു. ഏപ്രിലിൽ ഇത് 13.3 ബില്യൺ ആയിരുന്നു. ഇടപാട് നടത്തിയ മൂല്യത്തിൽ 4 ശതമാനം വർധന രേഖപ്പെടുത്തി.

കഴിഞ്ഞ വർഷം ഇതേ മാസക്കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ ഇടപാടുകളുടെ എണ്ണത്തിൽ 49 ശതമാനത്തിന്റെയും മൂല്യത്തിൽ 39 ശതമാനത്തിന്റെയും വർധനയുണ്ടായതായും കോർപ്പറേഷൻ അറിയിച്ചു.

✪✪✪

കണ്ണൂർ ജില്ലയിൽ പച്ചതുരുത്ത് വ്യാപന പരിപാടിക്ക് മറ്റന്നാൾ തുടക്കമാവും. 37 ഇടങ്ങളിലാണ് ജില്ലയിൽ ഇത്തവണ പുതുതായി പച്ചതുരുത്ത് ഒരുക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

.....(വോയ്സ്)..................

✪✪✪

സംസ്ഥാനത്ത് വെള്ളിയാഴ്ച വരെ കനത്ത മഴ തുടരുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് മൂന്നു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കണ്ണൂർ, തൃശൂർ, എറണാകുളം ജില്ലകളിലാണ് മഞ്ഞ ജാഗ്രത.

കേരള- കർണാടക തീരങ്ങളിൽ നാളെ മുതൽ വ്യാഴാഴ്ച വരെ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ടെന്നും മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി.

ലക്ഷദ്വീപ് തീരത്ത് ഇന്നുമുതൽ മത്സ്യബന്ധനത്തിന് വിലക്കുണ്ട്.

✪✪✪

കോഴിക്കോട് കോർപ്പറേഷൻ ഭരണ സമിതിയുടെ കെടുകാര്യസ്ഥതക്കെതിരെ ശക്തമായ പ്രക്ഷോഭം ആരംഭിക്കുമെന്ന് യുഡിഎഫ് കൗൺസിൽ പാർട്ടി നേതാക്കൾ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഇതിന്റെ തുടക്കമായി 13ന് കല്ലായിൽ കൗൺസിലർമാർ ധർണ്ണ നടത്തും. നഗരത്തിലെ വെള്ളപ്പൊക്ക പ്രശ്നത്തിന് പരിഹാരമായി കല്ലായ് പുഴ ചളിനീക്കി നവീകരണ പദ്ധതി ചെലവ് മുഴുവൻ വഹിക്കാൻ കോർപ്പറേഷൻ തയ്യാറായിട്ടും അനുമതി നൽകാൻ ഗവൺമെന്റ് വിമുഖത കാണിക്കുകയാണെന്നും, പാർക്കിംഗ് പ്ലാസ പദ്ധതിയും ഫയലിലാണെന്നും അവർ കുറ്റപ്പെടുത്തി.

✪✪✪

ഹജ്ജ് കർമ്മം നിർവഹിക്കുന്ന സ്ത്രീകൾക്ക് മാത്രമായി ഇന്ന് ഉച്ചയ്ക്ക് കണ്ണൂർ രാജ്യാന്തര വിമാന താവളത്തിൽ നിന്നു സർവ്വീസ് നടത്തും. സൗദി അറേബ്യൻ എയർലൈൻസിൽ 361 സ്ത്രീ തീർത്ഥാടകരാണ് യാത്ര പുറപ്പെടുക. അതിനിടെ രണ്ടാമത്തെ ഹജ്ജ് വിമാനം രാവിലെ കണ്ണൂരിൽ നിന്ന് പുറപ്പെട്ടു.

രണ്ട് വിമാനങ്ങളിലുമായി ഇന്ന് 538 സത്രീകളാണ് ഹജ്ജിന് പോവുന്നത്.

✪✪✪

സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന കരിപ്പൂരിൽ നിന്ന് നാളെ അഞ്ച് വിമാനങ്ങൾ പുറപ്പെടും. പതിവ് മൂന്ന് സർവീസുകൾക്കു പുറമെ പുലർച്ചെ അഞ്ചരക്കും രാത്രി ഒമ്പതിനുമായി രണ്ട് വിമാനങ്ങൾ അധിക സർവീസ് നടത്തും.

✪✪✪

ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഒമാനെതിരെ നമീബിയക്ക് ജയം. ബാർബഡോസിൽ സൂപ്പർ ഓവറിൽ 11 റൺസിനാണ് നമീബിയ ഒമാനെ പരാജയപ്പെടുത്തിയത്.

ഗയാനയിൽ നടന്ന മത്സരത്തിൽ അഞ്ചുവിക്കറ്റിന് വെസ്റ്റ്ഇൻഡീസ് പാപുവ ഗ്വിനിയയെ പരാജയപ്പെടുത്തി .

ഇന്ന് ശ്രീലങ്ക, ദക്ഷിണാഫ്രിക്കയെ നേരിടും. ഇന്ത്യൻ സമയം രാത്രി എട്ടിന് ന്യൂയോർക്കിലാണ് മത്സരം.

✪✪✪

ഫ്രഞ്ച് ഓപ്പൺ ടെന്നീസിൽ പുരുഷ ഡബിൾസ് പ്രീ-ക്വാർട്ടറിൽ പാരീസിൽ വൈകീട്ട് രോഹൻ ബൊപ്പണ്ണ- മാത്യു എബ്ഡൻ സഖ്യം ഇന്തോ-മെക്സിക്കൻ ജോഡികളായ ശ്രീറാം ബാലാജിയെയും റയെസ് വരേല മാർട്ടിനെയും നേരിടും.

ബ്രസീലിയൻ ജോഡിയെ പരാജയപ്പെടുത്തിയാണ് ബൊപ്പണ്ണ- എബ്ഡൻ സഖ്യം പ്രീക്വാർട്ടറിൽ പ്രവേശിച്ചത്.

✪✪✪

പാരീസ് ഒളിമ്പിക്സ് ബോക്സിങ് യോഗ്യത റൗണ്ടിൽ ഇന്ത്യൻ താരങ്ങളായ ജാസ്മിൻ ലംബോറിയക്കും അമിത് പംഘലിനും വിജയം. ബാങ്കോക്കിൽ പുരുഷന്മാരുടെ 51 കിലോഗ്രാം ക്വാർട്ടർ ഫൈനലിൽ ചൈനീസ് താരത്തെ 5-0ന് പരാജയപ്പെടുത്തിയാണ് അമിത് യോഗ്യത നേടിയത്. വനിതകളുടെ 57 കിലോഗ്രാം വിഭാഗത്തിൽ മാലി താരത്തെയാണ് ജാസ്മിൻ തോൽപ്പിച്ചത്. ഇവർക്ക് പുറമെ നാല് ഇന്ത്യൻ താരങ്ങളും ബോക്സിങിൽ പാരിസ് ഒളിമ്പിക്സിന് യോഗ്യത നേടി.

✪✪✪

സ്വർണവില കുറഞ്ഞു. പവന് 320 രൂപ താഴ്ന്ന് 52,880 ആയി. ഗ്രാമിന് 6,610 രൂപയാണ് ഇന്നത്തെ വില.

✪✪✪